യുവാവിനെ ആക്രമിച്ച് പണവും മൊബൈൽ ഫോണും കവർന്നെടുത്ത സംഭവത്തിൽ ആറ് പേർ അറസ്റ്റിൽ. രായമംഗലം കനാൽപ്പാലം ഭാഗത്ത് മാണിയാട്ട് വീട്ടിൽ ജിനിത്ത് ബേബി (34), വേങ്ങൂർ തുരുത്തി പ്രളയക്കാട് ഭാഗത്ത് പുത്തൻ വീട്ടിൽ അമൽ (22), മുടക്കുഴ കവല ഭാഗത്ത് കുന്നപ്പിള്ളിൽ വീട്ടിൽ ഹരികൃഷ്ണൻ (22), ഇരിങ്ങോൾ കുറുപ്പു പാറ ഭാഗത്ത് പാറമേൽ വീട്ടിൽ ആഷിക് (22), രായമംഗലം വായ്ക്കര കുറുന്നനാക്കുടി വീട്ടിൽ വൈശാഖ് (18), കുറുപ്പംപടി പള്ളിക്ക് സമീപം പൊന്നത്തും കുടി വീട്ടിൽ ഹരികുമാർ (22) എന്നിവരെയാണ് കുറുപ്പംപടി പോലീസ് അറസ്റ്റ് ചെയ്തത്.